# Simplified ICT Practical notes for Teachers



Prepared by Rasheed Odakkal, 9846626323, GVHSS Kondotty

## ചിത്രങ്ങൾ ശേഖരിക്കൽ / കണ്ടെത്തൽ

A. pdf ഫയൽ ആണെങ്കിൽ അതിലെ ചിത്രത്തിൽ right click – Save image As.
B. Keyboard ലെ Print screen ബട്ടൺ അമർത്തി സ്ക്രീനിലെ ദൃശ്യമെടുക്കാം .
C. Applications – Accessories --- Screen shots – ആവശ്യമായ ഭാഗം മൗസ് ഉപയോഗിച്ച് drag ചെയ്യുക.
D. pdf ഫയൽ / മറ്റേതെങ്കിലും ഫയൽ desktop ൽ തുറന്ന് window അൽപം ചെറുതാക്കി വയ്ക്കുക – desktop ൽ right click ചെയ്ത് Open in Terminal തുറന്ന് import <space> പേര്.jpg എന്ന കമാൻഡ് നൽകുക (ഉദാ:- import 1.jpg) – ആവശ്യമായ ഭാഗം മൗസ് ഉപയോഗിച്ച് drag ചെയ്ത് റിലീസ് ചെയ്യുക .
E. Internet തുറന്ന് search engine (ഉദാ:- google.com) തുറന്ന് ആവശ്യമായ key-word നൽകി--Images ൽ click ചെയ്യുക–തെരഞ്ഞെടുത്ത ചിത്രം click ചെയ്ത് വലുതാക്കിയ ശേഷം right click – Save image As.

[ഒരു web page ലെ മുഴുവൻ ചിത്രങ്ങളും ഒരുമിച്ച് save ചെയ്യാനായി ആ പേജിൽ right click – Save page As]

- ഒരു web page ലെ / pdf ഫയലിലെ **text ലഭിക്കാൻ** ആവശ്യമായ text സെലക്റ്റ് ചെയ്ത് right click – Copy ചെയ്ത് Text editor ൽ paste ചെയ്യുക. (Applications — Accessories – Text editor)

## ശേഖരിച്ച ചിത്രങ്ങൾ മെച്ചപ്പെടുത്തൽ (Image editing)

A. ചിത്രത്തിൽ right click – Open with **GIMP** Image editor.
(Selection tool, Eraser, Fill colour, Text tool, Image menu വിലെ ടൂളുകൾ മുതലായവ ഉപയോഗിച്ച് മാറ്റങ്ങൾ വരുത്താം). File – Export വഴി ഏതെങ്കിലും image format ലേക്ക് മാറ്റുക.
B. Applications – Accessories --- **Shutter** തുറന്ന് ആവശ്യമായ ചിത്രം open ചെയ്യുക – Edit – കാൻവാസ് node ൽ പിടിച്ച് അൽപം വലുതാക്കുക.
(Number, Arrows, Name, Call outs, മറ്റു ചിത്രങ്ങൾ തുടങ്ങിയവ അവശ്യാനുസരണം നൽകാം)
എഡിറ്റുചെയ്ത ചിത്രം Export ചെയ്യുക.

## വീഡിയോ download ചെയ്യൽ (Youtube ൽ നിന്നും)

A. Video സെർച്ച് ചെയ്ത് play ചെയ്യുക – അതിന്റെ URL ലെ www.ന ശേഷം ss എന്ന് ടൈപ്പുചെയ്യുക.
(ഉദാ:- www.ssyoutube.com/...) തുറന്നു വരുന്ന പേജിലെ download ക്ലിക്ക് ചെയ്യുക. (ഫയൽ ടൈപ്പ് webm ആക്കുന്നതാണ് ഉചിതം)
ഫയൽ Home ലെ Downloads ൽ save ചെയ്യപ്പെടും.
B. Video സെർച്ച് ചെയ്ത് play ചെയ്യുക – അതിന്റെ URL ൽ double click ചെയ്ത് സെലക്റ്റുചെയ്ത ശേഷം right click – Copy ചെയ്യുക.
Desktop ൽ right click ചെയ്ത് Open in Terminal തുറന്ന് youtube-dl <space> right click ചെയ്ത് Paste ചെയ്ത് Enter key അമർത്തുക.
ഫയൽ Desktop ൽ save ചെയ്യപ്പെടും.
C. Video സെർച്ച് ചെയ്ത് play ചെയ്യുക – അതിന്റെ URL ൽ double click ചെയ്ത് സെലക്റ്റുചെയ്ത ശേഷം right click – Copy ചെയ്യുക.
Applications – Internet – Youtube DL GUI തുറക്കുക. (Option ൽ save ചെയ്യുന്ന path കാണാം).
ഒഴിഞ്ഞ വിൻഡോയിൽ copy ചെയ്ത URL പേസ്റ്റ് ചെയ്യുക .

- Animation സേവ് ചെയ്യാൻ അതിന്റെ URL കോപ്പി ചെയ്യുക -- Desktop ൽ right click ചെയ്ത് Open in Terminal തുറന്ന്, wget <space> right click ചെയ്ത് Paste ചെയ്ത് Enter key അമർത്തുക.



www.shenischool.in

## Video Editing (ആവശ്യമുള്ള ഭാഗങ്ങൾ മാത്രമുള്ള വീഡിയോ ആക്കി മാറ്റൽ) 

Applications – Sound & Video – **OpenShot Video Editor** തുറക്കുക.

File – Save Project നൽകുക (പേര് നൽകാം, Profile ൽ DV/DVD PAL ആക്കുക) – Save Project.

File – Import Files വഴി എഡിറ്റുചെയ്യേണ്ട വീഡിയോ ഉൾപ്പെടുത്തുക. താഴെയുള്ള Track 2 ലേക്ക് ഈ വീഡിയോ drag ചെയ്യുക.

Play button അമർത്തി video കാണുക. നമുക്കാവശ്യമില്ലാത്ത ഭാഗമെത്തുമ്പോൾ pause ചെയ്ത് Add Marker ടൂൾ എടുത്ത് മാർക്ക് ചെയ്യുക. വീണ്ടും play button അമർത്തി ആവശ്യമില്ലാത്ത ഭാഗം തീരുന്ന സ്ഥലത്തും pause ചെയ്ത് Add Marker എടുത്ത് മാർക്ക് ചെയ്യുക. Razor tool എടുത്ത് ഈ രണ്ട് മാർക്കുകളിലും click ചെയ്യുക. Arrow tool ഉപയോഗിച്ച് ഈ മാർക്കുകൾക്കിടയിലെ ഭാഗത്ത് right click – Remove clip നൽകുക. (ആ ഭാഗം അപ്രത്യക്ഷമാവുന്നു). തുടർന്നുള്ള ഭാഗം ആദ്യ ഭാഗത്തേക്ക് നീക്കി വയ്ക്കുക.

ഈ പ്രവർത്തനം തുടരാവുന്നതാണ്.

എഡിറ്റിങ് കഴിഞ്ഞാൽ File – Export Video എടുക്കുക. (Profile ൽ All formats ഉം Target ൽ h.264 ലുള്ള ഏതെങ്കിലും ഫോർമാറ്റിലേക്ക് (MP4,MOV,AVI,FLV) Export ചെയ്യുക.

## Sound Recording (Audacity ഉപയോഗിച്ച്)

സിസ്റ്റത്തിലെ sound settings ലെ മൈക്ക് input volume ക്രമീകരിക്കുക.

Applications --- Sound & Video – Audacity തുറന്ന് Rec ബട്ടൺ ക്ലിക്ക് ചെയ്യുക. മൈക്കിലൂടെ (Laptop ലെ mic മതിയാകും) ആവശ്യമായ വിവരണം നൽകുക. കഴിഞ്ഞാൽ Stop ബട്ടൺ പ്രസ്സ് ചെയ്യുക. Play ബട്ടൺ ഉപയോഗിച്ച് കേൾക്കുക. ആവശ്യമില്ലാത്ത ഭാഗം മൗസ് കൊണ്ട് സെലക്റ്റുചെയ്ത് Delete ചെയ്യാം.

File- Export Audio വഴി സേവ് ചെയ്യുമ്പോൾ ogg/mp3 ഫോർമാറ്റ് തെരഞ്ഞെടുക്കാം.

## Record ചെയ്ത വിവരണം (sound file) edit ചെയ്ത വീഡിയോയിൽ ചേർക്കൽ

OpenShot video editor ൽ വീഡിയോ എഡിറ്റു ചെയ്യുമ്പോൾ ഉൾപ്പെടുത്തേണ്ട ശബ്ദ ഫയൽ കൂടി import ചെയ്ത് താഴേയുള്ള Track 1 ലേക്ക് drag ചെയ്തിടുക.

Track 2 വിലെ Video യുടെ തുടക്കത്തിൽ കാണുന്ന sound icon ക്ലിക്ക് ചെയ്ത് mute ആക്കുക.

Video edit ചെയ്ത പോലെ ശബ്ദ ഫയലും എഡിറ്റ് ചെയ്ത് Export ചെയ്യുക.

## Draw SWF ഉപയോഗിച്ച് ലളിതമായ Animation നിർമാണം

Applications – Graphics – Draw SWF തുറക്കുക.

Draw a free hand-line എന്ന ടൂൾ എടുത്ത് വരയ്ക്കുക.(Tools മെനുവിൽ നിന്നും pen colour, Line width മുതലായവ മാറ്റാം). മെനുബാറിന്റെ വലത്തേ അറ്റത്തുള്ള Show animation ൽ ക്ലിക്കു ചെയ്ത് animation കാണുക. ഈ ഫയൽ Export ചെയ്യുമ്പോൾ animation speed കുറയ്ക്കാനുള്ള സൗകര്യം ലഭിക്കും.

ഒരു ചിത്രത്തിലോ മറ്റേതെങ്കിലും ഒബ്ജക്ടിലോ ആണ് ആനിമേഷൻ വരേണ്ടതെങ്കിൽ ,

Insert A Picture ഐക്കൺ എടുത്ത് കാൻവാസിൽ ക്ലിക്കു ചെയ്യുക. Animate ചെയ്യേണ്ട ചിത്രം/object തുറക്കുക. Edit an object ടൂൾ (Arrow tool) ഉപയോഗിച്ച് ചിത്രത്തെ ക്രമീകരിക്കുക. ഇനി Draw a free hand-line എന്ന ടൂൾ എടുത്ത് വരയ്ക്കുക. കഴിഞ്ഞാൽ animation കാണുക, Export ചെയ്യുക.

## Presentation (Slide show) നിർമാണം

Applications – Office – Presentation തുറക്കുക. (Blank layout / ഉചിതമായത് തെരഞ്ഞെടുക്കാം).

- അക്ഷരങ്ങൾ ഉൾപ്പെടുത്താൻ Text ടൂൾ ഉപയോഗിക്കാം.
- പുതിയ slide ചേർക്കാൻ Insert – Slide.
- Insert – Picture വഴി ചിത്രവും Insert – Movie and Sound വഴി വീഡിയോ/ശബ്ദവും ഉൾപ്പെടുത്താം.
- എന്നാൽ വീഡിയോ interaction ആയോ hyperlink ആയോ ഉൾപ്പെടുത്തുന്നത് സൗകര്യമാകും. ഇതിനായി സ്ലൈഡിൽ ഒരു text ടൈപ്പുചെയ്ത് അത് സെലക്ട് ചെയ്ത ശേഷം Slide show – Interaction – Go to Document അല്ലെങ്കിൽ Insert – Hyperlink എടുത്ത് file സെലക്ട് ചെയ്യുക.
- സെലക്റ്റഡ് ഒബ്ജക്ട് Slide show – Custom Animation വഴി ആനിമേറ്റ്ചെയ്യാം.
- സെലക്റ്റഡ് ഒബ്ജക്ട് Format – Text(രണ്ടാമത്തെ) – Animation വഴി scroll ചെയ്യുന്ന രീതിയിലാക്കാം.